# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | |
|---|---|
| JANUARY **20** | **2019** |

## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidhanam2019@gmail.com

---

### മണ്ഡല-മകരവിളക്ക് ഉത്സവത്തിന് കൊടിയിറങ്ങി

ഉദയാസ്തമന പൂജയും പടിപൂജയും കഴിഞ്ഞ് 19ന് രാത്രി 9.30ന് ഹരിവരാസനം പാടി നടയടച്ചതോടെ ഈ വർഷത്തെ മണ്ഡല-മകരവിളക്ക് മഹോത്സവത്തിന് പരിസമാപ്തിയായി. തുടർന്ന് മാളികപ്പുറത്ത് ഗുരുതിയും നടന്നു.

ഇന്നലെ(ജനുവരി 20) ദർശനം പന്തളം രാജപ്രതിനിധിയ്ക്ക് മാത്രമായിരുന്നു. രാവിലെ അഞ്ചിന് നട തുറന്നു. ഗണപതി ഹോമത്തിന് ശേഷം 6.30ന് പന്തളം രാജപ്രതിനിധി ശ്രീമൂലം തിരുനാൾ രാഘവവർമ്മ ദർശനം നടത്തി. മേൽശാന്തി നടയടച്ച് രാജപ്രതിനിധിക്ക് താക്കോൽ കൈമാറി. രാജപ്രതിനിധി അടുത്ത ഒരു വർഷത്തേക്കുള്ള ചെലവിനായി കിഴിപ്പണം മാനേജരെയും താക്കോൽ മേൽശാന്തിയേയും ഏൽപ്പിച്ചു. പതിനെട്ടാംപടിയ്ക്ക് താഴെവെച്ചാണ് ഈ ചടങ്ങ് നടന്നത്. ഇതിന് മുന്നോടിയായി തിരുവാഭരണങ്ങൾ കാൽനടയായി പന്തളം കൊട്ടാരത്തിലേക്ക് കൊ ുപോയി. ആയിരക്കണക്കിന് ഭക്തരുടെ ശരണംവിളിയോടെ ചടങ്ങുകൾ പൂർത്തിയാക്കി ഈ വർഷത്തെ മണ്ഡല-മകരവിളക്ക് ഉത്സവത്തിന് കൊടിയിറങ്ങി.

(പി.ആർ. ശബരി-498)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

**PRD LIVE**
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും **PRD LIVE** ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും **PRD LIVE**
ഡൗൺലോഡ് ചെയ്യാം.